# പതിനാലാം കേരള നിയമസഭ

## ഇരുപത്തിരണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1033 — 14/01/2021-ൽ മറുപടിയ്ക്ക്

## നോക്കുകൂലിസമ്പ്രദായം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.എൻ.എ.നെല്ലിക്കുന്ന്<br>ശ്രീ. പി.കെ.ബഷീർ<br>ശ്രീ. പാറയ്ക്കൽ അബ്ദുല്ല<br>ശ്രീ. എം.ഉമ്മർ : | ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) ആരോഗ്യകരമായ തൊഴിലാളി തൊഴിലുടമ ബന്ധം സ്ഥാപിക്കുന്നതിനായി നോക്കുകൂലി സമ്പ്രദായം അവസാനിപ്പിച്ച് സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ച ശേഷം ഇത്തരം പ്രവണതകൾ റിപ്പോർട്ട് ചെയ്തിട്ടുള്ളത് സർക്കാർ പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ടോ: | (എ) അമിത കൂലിയും ചെയ്യാത്ത ജോലിയ്ക്ക് കൂലിയും കൈപ്പറ്റുന്നത് നിയമവിരുദ്ധമായി പ്രഖ്യാപിച്ച ശേഷവും സംസ്ഥാനത്ത് പല സ്ഥലങ്ങളിലും ഇപ്രകാരമുള്ള കൂലി വാങ്ങുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത സംഭവങ്ങളിൽ ബന്ധപ്പെട്ട അസിസ്റ്റന്റ് ലേബർ ഓഫീസർമാർ അടിയന്തരമായി ഇടപെട്ട് പ്രശ്നം പരിഹരിക്കുകയും ശക്തമായ നിയമനപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) സർക്കാർ നിർദ്ദേശം ലംഘിക്കുന്നവർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ ; | (ബി) സംസ്ഥാനത്ത് സർക്കാർ നിയമവിരുദ്ധമായി പ്രഖ്യാപിച്ച കൂലി സമ്പ്രദായവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിൽ സത്വര നടപടി സ്വീകരിക്കുന്നതിനായി തൊഴിൽ വകുപ്പിന്റെ കോൾ സെൻററിൽ പരാതി വിളിച്ച് അറിയിക്കാവുന്നതാണ്. (ടോൾഫ്രീ നമ്പർ |

155215, 180042555214). കാൾ സെൻറർ വഴി ലഭിക്കുന്ന പരാതികളിൽ ബന്ധപ്പെട്ട അസിസ്റ്റന്റ് ലേബർ ഓഫീസർമാർ ഇടപെട്ട് അനർഹമായി-അമിതമായി ഈടാക്കുന്ന കയറ്റിറക്ക് കൂലി തിരികെ വാങ്ങി നൽകുകയും അനർഹ-അമിത കൂലിയുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ബന്ധപ്പെട്ട തൊഴിലാളികൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. ഇക്കാര്യത്തിൽ പരാതി ശ്രദ്ധയിൽപ്പെട്ടാൽ ഉടൻ തന്നെ അസിസ്റ്റൻറ് ലേബർ ഓഫീസർമാർ, ഡെപ്യൂട്ടി ലേബർ ഓഫീസർമാർ, ജില്ലാ ലേബർ ഓഫീസർമാർ എന്നിവർ പ്രശ്നത്തിൽ ഇടപെടുകയും അമിതമായോ അനർഹമായോ വാങ്ങിയ കൂലി തൊഴിലാളികളിൽ നിന്നും തൊഴിലുടമയ്ക്ക് തിരികെ വാങ്ങി കൊടുക്കുകയും തൊഴിലാളികളുടെ ഭാഗത്തുനിന്നും ഗുരുതരമായ ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടാൽ കേരള ചുമട്ടുതൊഴിലാളി ചട്ടം 26 എ(4) അനുശാസിക്കുന്ന വിധത്തിൽ ചുമട്ടുതൊഴിലാളികളുടെ രജിസ്ട്രേഷൻ കാർഡ് റദ്ദ് ചെയ്യുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യും. കൂടാതെ തൊഴിലുടമയെ അധിക്ഷേപിക്കുകയോ ഭീഷണിപ്പെടുത്തുകയോ ആക്രമിക്കുകയോ ചെയ്യുന്ന പരാതികൾ പോലീസിന് കൈമാറി ഉചിതമായ നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്യാറുണ്ട്.

സെക്ഷൻ ഓഫീസർ